പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.204 — 7/07/2015-ൽ മറുപടിക്ക്

# ചെറുകിട വൈദ്യുതി ഉല്പാദന സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,,എ.കെ. ബാലൻ<br>,,രാജു എബ്രഹാം<br>,,കെ.വി.അബ്ദുൾ ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുതി ഉല്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ; | (എ) ഉണ്ട്.<br>വൻകിട ജലവൈദ്യുത പദ്ധതികൾക്ക് കൂടുതൽ വനഭൂമി ആവശ്യമായി വരുന്നതിനാൽ കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസും, പാരിസ്ഥിതികാനുമതിയും വേണ്ടി വരും. ഇവ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങളും, കാലതാമസവും പരിഗണിച്ച് 25 മെഗാവാട്ടിൽ താഴെ വരുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കാനാണ് ബോർഡ്/സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്. ഈ പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി ആവശ്യമില്ല. മാത്രവുമല്ല, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ആകെ ഉപഭോഗത്തിന്റെ ഒരു നിശ്ചിത ശതമാനം ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടുന്ന റിന്യൂവബിൾ എനർജിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഇത് 3.8 ശതമാനമാണ്. നിശ്ചിത ശതമാനം കൈവരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കേണ്ട സാഹചര്യമാണുള്ളത്. ഇതിനായി ചെറുകിട ജലവൈദ്യുത |

പദ്ധതികൾ കണ്ടുപിടിച്ച്, പഠനങ്ങൾ നടത്തി മതിയായ സാമ്പത്തിക ലാഭം നൽകുന്ന പദ്ധതികൾ തിരഞ്ഞെടുത്താണ് നിർമ്മാണം നടത്തുന്നത്.

സംസ്ഥാനത്ത് ചെറുകിട വൈദ്യുതി ഉല്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ സർക്കാർ അതീവ പരിഗണനയാണ് നൽകുന്നത്. ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിൽ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, ചെറുകിട ജല വൈദ്യുതി, സൗരോർജ്ജം തുടങ്ങിയവയെ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദന പദ്ധതികൾ നടപ്പിലാക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും സ്വകാര്യ സംരംഭകരേയും ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സർക്കാർ നയം രൂപീകരിക്കുകയും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിൽ മുൻ സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കാമോ ?

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ